പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 232 1.4.2013 ലെ മറുപടിക്ക്

## സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>ശ്രീ.കെ. രാധാകൃഷ്ണൻ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതി വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) കോളനികളെ സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. കോളനിയ്ക്കകത്തുള്ള റോഡുകൾ, വൈദ്യുതീകരണം, കടിവെള്ളം, സാനിറ്റേഷൻ, വീട് പുനരുദ്ധാരണം, കളിസ്ഥലം, ബയോഗ്യാസ്പ്ലാന്റ്, മാലിന്യ നിർമ്മാർജ്ജനം, വരുമാനദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ എന്നിവയാണ് കോളനികളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ.<br>പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) കഴിഞ്ഞ വർഷം ഇതിനായി ചെലവഴിച്ച തുക എത്രയെന്നറിയിക്കാമോ; പദ്ധതി ലക്ഷ്യം നേടിയതായി കരുതുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ? | ബി) കഴിഞ്ഞ വർഷം ഇതിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. പദ്ധതി ഈ വർഷം തുടങ്ങുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ